©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 7 Vol. VII | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2018 ജൂലൈ 24 24th July 2018 / 1193 കർക്കടകം 8 8th Karkadakam 1193 / 1940 ശ്രാവണം 2 2nd Sravana 1940 | നമ്പർ No. | 30 |

## PART III

# Dairy Development Department

REGISTRATION CERTIFICATE

No. C-1503/2017. *4th June 2018.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the byelaws of the under mentioned society is also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

1. സംഘത്തിന്റെ പേര്—ചേറാടി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. റ്റി. 174 (ഡി) ആപ്കോസ്.
2. രജിസ്റ്റർ ചെയ്ത തീയതി—31-5-2018.
3. മേൽവിലാസം—ചേറാടി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി. റ്റി. 174 (ഡി) ആപ്കോസ്
4. പോസ്റ്റാഫീസ്—ചീങ്കൽത്തടം പി. ഒ.
5. താലൂക്ക്—കോന്നി.
6. ജില്ല—പത്തനംതിട്ട.
7. പ്രവർത്തന പരിധി—മലയാലപ്പുഴ പഞ്ചായത്തിലെ 13-ാം വാർഡും 14-ാം വാർഡിന്റെ ഭാഗീക പ്രദേശങ്ങളും 14-ാം വാർഡിന്റെ കോഴികുന്നം ഭാഗത്ത് കോട്ടവാതുക്കൽ വിളയിൽ പടിയിൽ നിന്നും കുളകുറ്റി വഴി പുന്നക്കുഴി തോട് വരെയുള്ള ഇടവഴിയുടെ കിഴക്ക് വടക്ക് ഭാഗത്ത് നിലവിലെ 11-ാം വാർഡിനോട് ചേർന്നുകിടക്കുന്ന ഭാഗം ഒഴിവാക്കി ബാക്കി ഭാഗങ്ങളും 13-ാം വാർഡ് പൂർണ്ണമായും ഉള്ള പ്രദേശം. കിഴക്ക്—ഇരപ്പുങ്കൽ തോട്, പടിഞ്ഞാറ്—പുനലൂർ-മൂവാറ്റുപുഴ റോഡ്, തെക്ക് മണ്ണാറക്കുളഞ്ഞി-മലയാലപ്പുഴ റോഡ്, വടക്ക്—മണ്ണാറക്കുളഞ്ഞി-ചാലക്കയം റോഡ് അതിരുകളായി വരുന്ന പ്രദേശം പ്രവർത്തനമേഖലയാണ്.
8. ബാദ്ധ്യത—അടച്ചുതീർത്ത ഓഹരിക്ക് തുല്യം.
9. പ്രധാന ഉദ്ദേശങ്ങൾ—പാൽ സംഭരണവും വിതരണവും.
10. അംഗീകൃത ഓഹരി മൂലധനം— ` 1,00,000.
11. സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടെയും ആകെ തുക, ഓഹരി മൂലധനം, സഞ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ തുകയിൽനിന്നും സഞ്ചിതമായ നഷ്ടങ്ങൾ കുറച്ചിട്ടുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
പത്തനംതിട്ട.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.

Gaz. No. 30/2018/DTP/(Dairy Development).

**ഇടുക്കി ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : എസ്. ശ്രീകുമാർ, ഡെപ്യൂട്ടി ഡയറക്ടർ)

നമ്പർ സി-1928/2018. 2018 ജൂൺ 25.

വിഷയം:—ക്ഷീര വികസന വകുപ്പ്—ഇടുക്കി-കുഞ്ചിത്തണ്ണി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ. 197 (ഡി) ആപ്കോസ് സമാപ്തീകരണം—കേരള സഹകരണനിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:— (1) ഈ ഓഫീസിലെ 14-6-2017-ലെ നമ്പർ സി 1607(5)/2017 നമ്പർ ഉത്തരവ്.

(2) അടിമാലി ഡയറി ഫാം ഇൻസ്ട്രക്ടറുടെ 30-4-2018-ലെ വകുപ്പ് 66 അന്വേഷണ റിപ്പോർട്ട്.

ഇടുക്കി ജില്ലയിൽ അടിമാലി ബ്ളോക്കിൽ ദീർഘകാലമായി പ്രവർത്തനം നിലച്ച കുഞ്ചിത്തണ്ണി ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നമ്പർ ഐ 197(ഡി) ആപ്കോസ് തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് കേരള സഹകരണനിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തുന്നതിന് അടിമാലി ഡയറി ഫാം ഇൻസ്ട്രക്ടറെ നിയമിച്ച് ഉത്തരവായിരുന്നു.

പരാമർശം 2 പ്രകാരം ലഭിച്ചിട്ടുള്ള സെക്ഷൻ 66 അന്വേഷണ റിപ്പോർട്ട് പ്രകാരം കുഞ്ചിത്തണ്ണി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ 197(ഡി) ആപ്കോസ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ യാതൊരു സാദ്ധ്യതയും ഇല്ലാത്തതിനാൽ സമാപ്തീകരണത്തിന് ശുപാർശ ചെയ്തിരിക്കുന്നു.

**ഉത്തരവ്**

ഈ സാഹചര്യത്തിൽ അടിമാലി ബ്ളോക്കിലെ കുഞ്ചിത്തണ്ണി ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നമ്പർ ഐ 197(ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനായി അടിമാലി ബ്ളോക്ക് ഡയറി ഫാം ഇൻസ്ട്രക്ടറെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലിക്വിഡേറ്റർ ഉടൻ സംഘത്തിന്റെ സമാപ്തീകരണ ചുമതല ഏറ്റെടുക്കേണ്ടതും 3 വർഷത്തിനകം നടപടികൾ പൂർത്തിയാക്കി ബന്ധപ്പെട്ട എല്ലാ രേഖകളും ഈ ഓഫീസിനു കൈമാറേണ്ടതുമാണ്. കൂടാതെ സ്ഥലമാറ്റമോ മറ്റു കാരണങ്ങളോ ഉണ്ടാകുന്ന സമയത്ത് ബന്ധപ്പെട്ട ഫയൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് റിപ്പോർട്ട് സഹിതം കൈമാറേണ്ടതും ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജെടുത്ത വിവരം ഈ ഓഫീസിൽ യഥാസമയം അറിയിക്കേണ്ടതാണ്.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
ഇടുക്കി, തൊടുപുഴ. ഡെപ്യൂട്ടി ഡയറക്ടർ.